## കേരള സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ

ഹാജർ: ജസ്റ്റിസ് അലക്സാണ്ടർ തോമസ്
ബഹു. ചെയർപേഴ്സൺ

എച്ച്.ആർ.എം.പി. നമ്പർ: 9148/11/12/2024/TVM

പരാതി കക്ഷി : മുഹമ്മദ് അനസ്.എ,
മൂഴിയിൽ വീട്, ചക്കിപ്പാറ,
പുനലാൽ.പി.ഒ., തിരുവനന്തപുരം.

എതിർ കക്ഷികൾ :

### ഉത്തരവ് തീയതി 05.06.2025

തിരുവനന്തപുരം യുണിവേഴ്സിറ്റി കോളേജിൽ രണ്ടാം വർഷ ഇസ്ലാമിക് ഹിസ്റ്ററി വിദ്യാർത്ഥിയും ഭിന്നശേഷിക്കാരനുമായ ഹർജിക്കാരനെ 2/12/2024-ന് അതേ കോളേജിലെ വിദ്യാർത്ഥികളായ അമൽ ചന്തും മറ്റും ചേർന്ന് മർദ്ദിച്ചുവെന്നാണ് പരാതി.

കോളേജ് വിദ്യാഭ്യാസ ഡയറക്ടർ 19/12/2024-ന് തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജിൽ നേരിട്ടെത്തി ഹർജിക്കാരനേയും മറ്റു ബന്ധപ്പെട്ടവരേയും കണ്ട് മൊഴി രേഖപ്പെടുത്തിയെന്നും ഹർജിക്കാരനെ യുണിയൻ റൂമിലേക്ക് പിടിച്ചുകൊണ്ടുപോയെന്നത് പൂർണ്ണമായും വസ്തുതാപരമായി തെളിയിക്കപ്പെട്ടിട്ടില്ലെന്നും ടിയാന് അന്നേദിവസം മർദ്ദനമേറ്റതായി തിരുവനന്തപുരം ജനറൽ ആശുപത്രിയിൽ നിന്നുള്ള ആക്സിഡന്റ് കം വൂണ്ട് സർട്ടിഫിക്കറ്റ് വെളിവാക്കുന്നെന്നും എന്നാൽ ഈ പരിക്കുകൾ എങ്ങനെ എവിടെവച്ച് സംഭവിച്ചതാണെന്ന വിഷയത്തിൽ പോലീസ് കേസ് രജിസ്റ്റർ ചെയ്തിട്ടുള്ള സാഹചര്യത്തിൽ വസ്തുതാപരമായ പോലീസ് അന്വേഷണം ആവശ്യമാണെന്നും മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ സമർപ്പിച്ച 03.02.2025 ലെ റിപ്പോർട്ടിൽ പറഞ്ഞു കാണുന്നു.

ഹർജിക്കാരന്റെ മൊഴിയുടെ അടിസ്ഥാനത്തിൽ കൺന്റോൺമെന്റ് പോലീസ് സ്റ്റേഷനിൽ ക്രൈം 1236/2024 U/s 296(b), 115(2), 118(1), 126(2), 351(2), 3(5) of BNS & Sec 92(a), 92(b) of The Rights of Persons with Disabilities Act 2016 പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി 24/01/2025 -ൽ കുറ്റപത്രം സമർപ്പിച്ചിട്ടുണ്ടെന്നും തിരുവനന്തപുരം JFMC-2 മുമ്പാകെ പരിഗണനയിലാണെന്നുമാണ് ഇൻസ്പെക്ടർ ജനറൽ ഓഫ് പോലീസ് ആന്റ് ഡിസ്ട്രിക്ട് പോലീസ് ചീഫ് റിപ്പോർട്ട് ചെയ്തിരിക്കുന്നത്. തുടർന്ന് 03.04.2025 -ൽ കമ്മീഷൻ ഇടക്കാല ഉത്തരവ് പാസാക്കി കേസ് ഇന്നത്തേക്ക് മാറ്റി.

ഇടക്കാല ഉത്തരവ് പാലിച്ചുകൊണ്ട് ജില്ലാ പോലീസ് കമ്മീഷ്ണർക്ക് വേണ്ടി കൺന്റോൺമെന്റ് പോലീസ് സ്റ്റേഷൻ ഇൻസ്പെക്ടർ എസ്.എച്ച്.ഒ നേരിട്ട് ഹാജരായി 10.03.2025- ൽ റിപ്പോർട്ട് സമർപ്പിച്ചു. പരാതി സംഗതിയിൽ ക്രൈം 1236/2024 U/s 296(b),

4

115(2), 118(1), 126(2), 351(2), 3(5) of BNS & Sec 92(a), 92(b) of The Rights of Persons with Disabilities Act 2016 രജിസ്റ്റർ ചെയ്ത് അന്വേഷണം പൂർത്തിയാക്കി 24/01/2021 കോടതി മുമ്പാകെ ചാർജ്ജ് ഷീറ്റ് സമർപ്പിച്ചെന്നും അത് ജെ.എഫ്.എം.സി-III ന്റെ പരിഗണന യിലാണെന്നുമാണ് റിപ്പോർട്ട്. പരാതിയിൻമേൽ യൂണിവേഴ്സിറ്റി പ്രിൻസിപ്പലും നേരിട്ട് ഹാജരായി 04/06/2025 തീയതി റിപ്പോർട്ട് സമർപ്പിച്ചു. കുറ്റാരോപിതരായ 4 വിദ്യാർത്ഥികളേയും 11.12.2024-ന് അന്വേഷണ വിധേയമായി സസ്പെന്റ് ചെയ്തെന്നും പ്രസ്തുത വിഷയത്തിൽ അച്ചടക്ക സമതി നടത്തിയ അന്വേഷണത്തിന്റെയും പൂർണ്ണമായ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിലും വിദ്യാർത്ഥികളുടെ തുടർ പഠനത്തെ ബാധിക്കും എന്നതിനാലും 17/01/2025 പ്രബല്യത്തിൽ ടി വിദ്യാർത്ഥികളുടെ സസ്പെൻഷൻ പിൻവലിച്ച് ഉത്തരവ് പുറപ്പെടുവിച്ചുവെന്നും തുടർ പഠനത്തിന് അനുമതി നൽകിയിട്ടുണ്ടെന്നും സംഭവത്തിൽ പോലീസ് കേസ് നിലവിലുള്ളതിനാൽ അന്വേഷണത്തിന്റെ ചാർജ്ജ് ലഭിക്കുന്നതനുസരിച്ച് മറ്റ് നടപടികൾ സ്വീകരിക്കാവുന്നതാണെന്നും റിപ്പോർട്ടിൽ പറയുന്നു. കൂടാതെ വിദ്യാർത്ഥികൾ കോഴ്സ് പൂർത്തിയാക്കിയിട്ടുണ്ടെന്നും റിപ്പോർട്ടിൽ തുടർന്നു പറയുന്നു. പരീക്ഷകൾ നടത്തുന്നതും ഫലം പ്രസിദ്ധീകരിക്കുന്നതും സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്യുന്നതും യൂണിവേഴ്സിറ്റി ആയതിനാൽ പ്രസ്തുത കാര്യങ്ങളിലെ നടപടി സ്വീകരിക്കാൻ യൂണിവേഴ്സിറ്റിക്ക് കഴിയുന്നതാണെന്നാണ് കോളേജ് വിദ്യാഭ്യാസ അഡീഷണൽ ഡയറക്ടർ ഡോ.സുനിൽ ജോൺ.ജെ നേരിട്ട് സമർപ്പിച്ച 04/06/2025- ലെ റിപ്പോർട്ടിൽ പറയുന്നത്.

ഹർജിക്കാരനെ ഉപദ്രവിച്ച സംഭവത്തിന് പോലീസ് രജിസ്റ്റർ ചെയ്ത ക്രൈം. 1236/2024-ന്റെ അന്വേഷണം പൂർത്തിയാക്കി തിരുവനന്തപുരം ജെ.എഫ്.എം.സി-III മുമ്പാകെ കുറ്റപത്രം സമർപ്പിച്ച് CP No.18/2025 കോടതിയുടെ പരിഗണനയിലാണെന്ന് വെളിവാകുന്നു. Kerala State Human Rights Commission (നടപടിക്രമം) റെഗുലേഷൻ 17(എച്ച്) പ്രകാരം കോടതിയുടെ പരിഗണനയിലുള്ള വിഷയത്തിൽ കമ്മീഷൻ ഇടപെടുന്നത് ഉചിതമല്ല. ഈ കാര്യത്തിൽ നിലവിലുള്ള അന്വേഷണ നടപടികൾ കോളേജ് വിദ്യാഭ്യാസ വകുപ്പും യൂണിവേഴ്സിറ്റി പ്രിൻസിപ്പലും എത്രയും വേഗം പൂർത്തിയാക്കണം.

നോട്ടീസ് അയച്ചിട്ടും 03/04/2025-ന് ഹർജിക്കാരൻ ഹാജരായില്ല. ഇന്ന് ഹാജരാകാൻ ആവശ്യപ്പെട്ട് നോട്ടീസയച്ചെങ്കിലും ഇന്നും ഹർജിക്കാരൻ ഹാജരാകുകയോ റിപ്പോർട്ടിനെ തിരെ ആക്ഷേപം സമർപ്പിക്കുകയോ ചെയ്തിട്ടില്ല. മേൽ കാരണങ്ങളാൽ ഈ പരാതിയിൽ മറ്റ് നടപടികൾ ആവശ്യമില്ല. റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പരാതി തീർപ്പാക്കുന്നു. ഹർജിക്കാരനും കോളേജ് വിദ്യാഭ്യാസ വകുപ്പു ഡയറക്ടർക്കും തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജ് പ്രിൻസിപ്പാളിനും ഈ ഉത്തരവിന്റെ പകർപ്പ് അയക്കുക.

ഒപ്പ്
ജസ്റ്റിസ് അലക്സാണ്ടർ തോമസ്
ചെയർപേഴ്സൺ

//ശരിപ്പകർപ്പ്//

രജിസ്ട്രാർ